ഉത്തരം

(എ, ബി) നാളികേരത്തിന്റെയും നാളികേര ഉൽപ്പന്നങ്ങളുടെയും സംഭരണം, സംസ്ക്കരണം, വിപണനം തുടങ്ങിയവ നവീകരിക്കുന്നതിനും ഈ രംഗത്തുള്ള പ്രവർത്തനങ്ങളും സഹകരണാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് പുനഃസംഘടിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു കരട് പദ്ധതി തയ്യാറാക്കി ദേശീയ ക്ഷീര വികസന ബോർഡിന്റെയും ദേശീയ സഹകരണ വികസന കോർപ്പറേഷന്റെയും സഹായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

കരീപ്ര കൃഷിവികസന ഓഫീസുവഴി കൃഷിനാശം സംഭവിച്ച വർക്ക് വിതരണംചെയ്ത തുക

232 [286] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85, 1985-86 എന്നീ വർഷങ്ങളിൽ കൊല്ലം ജില്ലയിൽ കരീപ്ര കൃഷിവികസന ആഫീസ്വഴി കൃഷിനാശം സംഭവിച്ചവർക്കായി എന്തുതുക വിതരണം ചെയ്തു ;

(ബി) എത്രപേർക്കാണ് തുക വിതരണം ചെയ്തത് ;

(സി) കടയ്ക്കോട് വാർഡിൽ വടക്കേചെരുവിള വീട്ടിൽ കുട്ടപ്പൻ എന്ന ഹരിജൻ യുവാവിന്റെ കായ്ഫലമുള്ള തെങ്ങുകളും മറ്റും ഇടിവെട്ടേറ് നഷ്ടപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആരാണ് അന്വേഷണം നടത്തിയത് ;

(എഫ്) തിട്ടപ്പെടുത്തിയിട്ടുള്ള നഷ്ട പരിഹാര തുക എത്ര ;

(ജി) ഈ തുക ശ്രീ. കുട്ടപ്പന് നൽകിയിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ ഉടനടി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(ഐ) കൃഷിനാശം സംഭവിച്ചത് കൃത്യസമയത്ത് അപേക്ഷിച്ച് നടപടികളും സ്വീകരിക്കാതിരുന്നവരുടെ പേരിൽ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) 1984-85 വർഷം 4070 രൂപയും 1985-86-ൽ 40134.50 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) 1984-85-ൽ 4 കൃഷിക്കാർക്കും, 1985-86-ൽ 226 കൃഷിക്കാർക്കും കൂടി ആകെ 230 കൃഷിക്കാർക്ക് ടി തുക വിതരണം ചെയ്യുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) കൊട്ടാരക്കര സബ്ഡിവിഷൻ അഗ്രിക്കൾച്ചറൽ ആഫീസർ.

(എഫ്) ഇടിവെട്ടേറ് നശിച്ച 3 തെങ്ങുകൾക്ക് തെങ്ങൊന്നിന് 125 രൂപ വീതം 375 രൂപ.

(ജി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) നിലവിലുള്ള നിയമം അനുശാസിക്കുന്നത് കൃഷിനശിച്ച് 10 ദിവസത്തിനകം കർഷകൻ അപേക്ഷ സമർപ്പിക്കണമെന്നാണ്, എന്നാൽ ടി കർഷകൻ സംഭവം നടന്ന് 10 മാസം കഴിഞ്ഞാണ് അപേക്ഷ സമർപ്പിച്ചത്. അക്കാരണത്താൽ ടി കേസിൽ ധനസഹായം നൽകാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

കോട്ടയം സബ്ഡിവിഷനിലെ കൃഷിവികസന ഓഫീസുകളുടെ കെട്ടിടം പണി

233 [287] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം കൃഷി വകുപ്പ് സബ്ഡിവിഷനിലെ പാമ്പാടി, പള്ളിക്കത്തോട് വിജയപുരം എന്നീ കൃഷിവികസന ആഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കൃഷിവികസന ഓഫീസുകൾക്ക് (അഗ്രിക്കൾച്ചർ ഡവലപ്പ്മെൻറ് ആഫീസ്) കെട്ടിടം നിർമ്മിക്കുന്നില്ല. അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ യൂണിറ്റിൽപ്പെട്ട അഗ്രിക്കൾച്ചറൽ ഡെമോൺസ്ട്രേറ്റർമാർക്കും അഗ്രിക്കൾച്ചർ ഓഫീസർമാർക്കും ഓഫീസ് കം റസിഡൻസ് നിർമ്മിക്കുന്നതിന് കേരള കാർഷിക വികസന പദ്ധതിയിൽ (ററി ആൻറ് വി പ്രോഗ്രാം) ഉദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പള്ളിക്കാത്തോട് യൂണിറ്റിൽ പള്ളിക്കാത്തോട്, ചെങ്ങല, പനമറ്റം എന്നീ സ്ഥലങ്ങളിലും വിജയപുരം യൂണിറ്റിൽ അരുമാനൂരും പാമ്പാടി യൂണിറ്റിൽ കോതള, കൂരോപ്പട (ലക്കിടൂർ) എന്നിവിടങ്ങളിലും അഗ്രിക്കൾച്ചറൽ ഡെമോസ്ട്രേറ്റർമാർക്ക് ഓഫീസ് കം-റസിഡൻസ് പണി പുരോഗമിച്ചുവരുന്നു.

പരുന്തുപാറയിൽ കൃഷിവികസന ഓഫീസ്

234 [288] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനച്ചിക്കാട് പഞ്ചായത്തിൽ പരുന്തുപാറയിൽ കൃഷി വികസന ഓഫീസ് അനുവദിക്കണമെന്ന ആവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഓഫീസ് അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട മെമ്പർവഴി സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ കൃഷിവികസന ഓഫീസുകൾ അനുവദിക്കേണ്ട ആവശ്യമുണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly